"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഉന്നത വിദ്യാഭ്യാസ വകുപ്പ് - കോളേജ് വിദ്യാഭ്യാസം - ജീവനക്കാര്യം - അഡ്മിഷൻ സമയത്ത് സർക്കാർ ശീർഷകങ്ങളിലേക്ക് ഒടുക്കിയ ഫീസുകൾ തിരികെ നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉന്നത വിദ്യാഭ്യാസ (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.437/2024/HEDN തീയതി,തിരുവനന്തപുരം, 03-04-2024

---

പരാമർശം:- 1. കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ 20.11.2023 തീയതിയിലെ ജി3/52523/2022/കോ.വി.വ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തൃശൂർ ശ്രീ.അച്യുതമേനോൻ സർക്കാർ കോളേജിൽ 2021-22 അധ്യയന വർഷം ബി.എസ്.സി സ്റ്റാറ്റിസ്റ്റിക്സ് കോഴ്സിന് അഡ്മിഷൻ നേടുകയും,പിന്നീട് സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള എൻജിനീയറിങ് കോളേജുകളിലേയ്ക്ക് അഡ്മിഷൻ നേടിയതിനെ തുടർന്ന്, ടി.സി വാങ്ങി പോകുകയും ചെയ്ത ശ്രീ.ജെ.വിനയ്., ശ്രീ.ജെ.വിനോദ്., എന്നീ വിദ്യാർത്ഥികളുടെ പിതാവ് അഡ്മിഷൻ സമയത്ത് കോളേജിൽ ഒടുക്കിയ മുഴുവൻ തുകയും തിരികെ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് തൃശൂർ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനിൽ പരാതി ഫയൽ ചെയ്യുകയും, അതിന്റെ അടിസ്ഥാനത്തിൽ വിദ്യാർത്ഥികൾ സർക്കാർ ശീർഷകങ്ങളിലേയ്ക്ക് ഒടുക്കിയ ഫീസുകൾ തിരികെ നൽകുന്നത് സംബന്ധിച്ച് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ പരാമർശത്തിലെ കത്ത് പ്രകാരം സർക്കാർ സ്പഷ്ടീകരണം തേടുകയും ചെയ്തിരുന്നു.

ശ്രീ.ജെ.വിനയ്, ശ്രീ.ജെ.വിനോദ്, എന്നീ വിദ്യാർത്ഥികൾ സാങ്കേതിക വിദ്യാഭ്യാസ വകപ്പിന് കീഴിലുള്ള എൻജിനീയറിങ് കോളേജുകളിലേയ്ക്കാണ് അഡ്മിഷൻ നേടിയത് എന്നതിനാലും, ഇവരുടെ പിതാവ് ശ്രീ.ജഗദീഷ് തൃശൂർ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനിൽ ഫയൽ ചെയ്ത പരാതിയുടെ അടിസ്ഥാനത്തിലും സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.

തൃശൂർ ശ്രീ.അച്യുതമേനോൻ സർക്കാർ കോളേജിൽ 2021-22 അധ്യയന വർഷം ബി.എസ്.സി സ്റ്റാറ്റിസ്റ്റിക്സ് കോഴ്സിന് അഡ്മിഷൻ നേടുകയും, പിന്നീട് ടി കോളേജിൽ നിന്നും ടി.സി വാങ്ങി സാങ്കേതിക വിദ്യാഭ്യാസ വകപ്പിന് കീഴിലുള്ള എൻജിനീയറിങ് കോളേജുകളിൽ അഡ്മിഷൻ നേടുകയും ചെയ്ത

ശ്രീ.ജെ.വിനയ്., ശ്രീ.ജെ.വിനോദ്., എന്നീ വിദ്യാർത്ഥികൾ അഡ്മിഷൻ സമയത്ത് സർക്കാർ ശീർഷകങ്ങളിലേക്ക് ഒടുക്കിയ ഫീസുകൾ ആപ്ലിക്കേഷൻ ഫീയും, അഡ്മിഷൻ ഫീയും ഒഴിവാക്കണമെന്ന വ്യവസ്ഥയിൽ കേരള ട്രഷറി കോഡ് വാല്യം I ചട്ടം 200-ലെ നടപടിക്രമം പാലിച്ചുകൊണ്ട് ഫീസ് ഒടുക്കിയ **0202-01-103-99-TF, 0202-01-103-95-OR** എന്നീ ശീർഷകങ്ങളിലൂടെ തന്നെ തുക തിരികെ നൽകുന്നതിന് ടി ശീർഷകത്തിന്റെ നിയന്ത്രണ അധികാരിക്ക് അനുമതി നൽകി കൊണ്ടും, ഗുണഭോക്താവിന് തുക വാങ്ങി വിതരണം നടത്തുന്നതിനായി ബന്ധപ്പെട്ട് ഡി.ഡി.ഒ യെ ചുമതലപ്പെടുത്തി കൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ബിജിമോൾ കെ ചാക്കോ**

**അണ്ടർ സെക്രട്ടറി**

കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, ട്രഷറി ഡയറക്ടറേറ്റ്, തിരുവനന്തപുരം
പ്രിൻസിപ്പൽ, ശ്രീ.അച്യുതമേനോൻ സർക്കാർ കോളേജ്, തൃശൂർ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്/എ&ഇ)കേരള, തിരുവനന്തപുരം
ധനകാര്യ (വിദ്യാഭ്യാസം-സി) വകുപ്പ് **(2646169/EDN-C4/392/2023/**ധന തീയതി **13.03.2024** നമ്പർ കുറിപ്പ് പ്രകാരം)

ശ്രീ.ജഗദീഷ്,**VIP** അാർട്ട്മെന്റ്,**F4**,ബ്ളോക്ക്-**A**, **1st** ഫ്ളോർ, നേതാജി റോഡ് ,പൂത്തോൾ പി.ഒ, തൃശൂർ.
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ
നോഡൽ ഓഫീസർ **(www.highereducation.kerala.gov.in)**
കരുതൽ ഫയൽ / ഓഫീസ് കോപ്പി **( F2/237/2023-HEDN)**

ഉത്തരവിൻ പ്രകാരം

Signed by

Asoka Kumari L

സെക്ഷൻ ഓഫീസർ

Date: 03-04-2024 16:53:32